# വ്യക്തി ബന്ധ നിപുണതകൾ

നാം ധ്യാനിക്കുന്നതു ജീവിക്കുവാനാണ്. പഠനം മാത്രം കൊണ്ട് മനസ്സു വളരും, എന്നാൽ ധ്യാനം ഒരാളുടെ ആന്തരിക മനുഷ്യനെ വളർത്തും."

അടുത്ത ഏഴു പാഠങ്ങൾ കൈകാര്യം ചെയ്യുന്നതു നേതൃത്വ പരിശീലനത്തെ കുറിച്ചാണ്. അതിൽ അദ്ധ്യക്ഷന്മാർക്കു ആവശ്യമുള്ളതായ നിപുണതകൾ പരിചയപ്പെടുത്തുന്നു - വ്യക്തി ബന്ധ നിപുണതകൾ, ആശയ വിനിമയ കഴിവുകൾ, ഗുണദോഷിക്കൽ വൈഭവം, കൂടാതെ സംഘടനാ പാടവം എന്നിവയാണവ.

ഈ പാഠങ്ങളുടെ അടിസ്ഥാന വിവരം എന്തെന്നാൽ ഒരു സഭാദ്ധ്യക്ഷൻ തന്റെ പ്രവൃത്തിക്കു യോഗ്യനാണെങ്കിലും, അയാൾ ദൈവം അയാളിൽ നിന്നു ഉദ്ദേശിക്കുന്ന പ്രവർത്തനത്തിനു സഹായകമായ കഴിവുകൾ വളർത്തിയെടുക്കേണ്ടതുണ്ട്. ചിലർ പറഞ്ഞേക്കാം, "ദൈവവചനത്തിൽ പറയുന്നതുപോലെ നിങ്ങൾ ആയി തീർന്നാൽ, പിന്നെ എന്തെങ്കിലും നിപുണതകൾ പഠിക്കാത്തതിൽ നിങ്ങൾ വിഷമിക്കേണ്ടതില്ല. ചെയ്യേണ്ടതു നിങ്ങളിൽ സ്വാഭാവികമായി വരുകയും, എല്ലാം നന്മക്കായി വ്യാപരിക്കയും ചെയ്യും. എല്ലാത്തിലുമുപരി, ഒരാൾ ഇടയനാണെങ്കിൽ, അയാൾ ആടുകളെ സ്നേഹത്താൽ നയിക്കും, അവർക്കു മുൻപായി നടക്കും, അവരെ സഹായിക്കും, അവർ അകന്നു പോകുമ്പോൾ അവരെ തിരഞ്ഞു രക്ഷിക്കുകയും ചെയ്യും." അത് "എങ്ങനെ ചെയ്യാമെന്ന്" ആർക്കെങ്കിലും പഠിക്കാമോ? എന്തുകൊണ്ട് ഒരു നിപുണതാ പഠനം ഉൾപ്പെടുത്തിയിരിക്കുന്നു?

### വ്യക്തിബന്ധ നിപുണതകൾ വളർത്തി എടുക്കേണ്ട ആവശ്യം

#### സഭാനേതൃത്വത്തിന്റെ സ്വഭാവം

ഒന്നാമതു, സഭാദ്ധ്യക്ഷന്മാർ നയിക്കേണ്ടതു ഒരു പ്രത്യേകതയാലായതുകൊണ്ടു അവർ വ്യക്തിബന്ധ നിപുണതകൾ വളർത്തിയെടുക്കണം.

സഭാദ്ധ്യക്ഷന്മാർ നയിക്കുന്നത് ബോസുമാരെ പോലെ, പോലീസ് മേധാവികളെ പോലെ, അല്ലെങ്കിൽ കോച്ചുകളെ പോലെ, അല്ലെങ്കിൽ രക്ഷകർത്താക്കളെ പോലെയോ ആണെങ്കിൽ, അവർ നേതൃത്വനിപുണതകൾ പഠിക്കേണ്ട ആവശ്യമില്ല എന്നു പറഞ്ഞേക്കാം.[1] "അവർ എന്തു ചെയ്യണമെന്നു ഞാൻ അവരോടു പറയും," എന്നവർ പറയുമായിരിക്കും, "അവർ അതു ചെയ്യുകയും ചെയ്യും." അതു ബോസുമാർ, പോലീസ് മേധാവികൾ, കോച്ചുകൾ, രക്ഷകർത്താക്കൾ, എന്നിവരെ സംബന്ധിച്ചു ശരിയായിരിക്കാം എന്നാൽ സഭാദ്ധ്യക്ഷന്മാരെ സംബന്ധിച്ചു അതു ശരിയല്ല. പ്രതിഫലവും ശിക്ഷയും യോജിപ്പിച്ചാണ് മറ്റു അദ്ധ്യക്ഷന്മാർ അനുയായികളെ കൊണ്ട് അനുസരിപ്പിക്കുന്നത്. സഭാദ്ധ്യക്ഷന്മാർക്ക് അത്തരം നിയന്ത്രണമില്ല.

സഭയിലുള്ള എല്ലാവർക്കും ഒരു ശമ്പളം ലഭിക്കുന്നുവെന്നും അതെത്രയായിരിക്കും അതു തുടരണമോ വേണ്ടയോ എന്നെല്ലാം തീരുമാനിക്കുന്നതു മൂപ്പന്മാരാണെന്നും വിചാരിക്കുക. അപ്പോൾ മൂപ്പന്മാർ അംഗങ്ങളോടു പറയും, "നിങ്ങൾ രോഗികളെയും ആരാധനക്ക് – വരാതിരുന്ന അംഗങ്ങളെയും സന്ദർശിച്ചില്ലെങ്കിൽ, നിങ്ങൾക്കു ശമ്പളം ഇല്ല." അംഗങ്ങൾ തങ്ങളെ ബഹുമാനിക്കേണ്ടതിനോ സഹായ അഭ്യർത്ഥന നടത്തുന്നതിനെ കുറിച്ചോ ഒന്നും മൂപ്പന്മാർക്കു കാര്യമാക്കേണ്ടതില്ല. അംഗങ്ങൾ എന്തു ചെയ്യണമെന്നു മൂപ്പന്മാർ പറയുകയും അവർ കീഴ്പ്പെട്ടില്ലെങ്കിൽ അവരെ ശാസിക്കയും ചെയ്യാം. ആ രീതിയി*ലല്ല* സഭ പ്രവർത്തിക്കേണ്ടതു! സഭാ പ്രവൃത്തികളിൽ അംഗങ്ങൾ കൂടുതൽ സജീവമാകണമെന്നു മൂപ്പന്മാർ ആഗ്രഹിക്കുന്നുവെങ്കിൽ, അവരെ അതിനു പ്രേരിപ്പിക്കയാണ് വേണ്ടത്. അതിനു നേതൃത്വപാടവം വേണം.

വചനപ്രകാരം യോഗ്യതയുള്ള മൂപ്പന്മാരായതുകൊണ്ടു അവർക്കു നിപുണതകൾ സ്വാഭാവികമായി വന്നു ചേരുമോ? വേണമെന്നില്ല. മൂപ്പന്മാർക്കുവേണ്ട യോഗ്യതകൾ കൃത്യമായും അതാണ്: അതായതു യോഗ്യതകൾ. മൂപ്പൻ ആയി നിയമിക്കപ്പെടുന്നതിനു മുൻപു അയാൾ എന്തായിരുന്നു എന്ന് അവ വ്യക്തമാക്കുന്നു. തന്റെ നിപുണതകളെ വളർത്തിയെടുക്കുമ്പോൾ, അയാൾ കൂടുതൽ ഫലപ്രദമായി സഭയെ നയിക്കും എന്ന സാധ്യതയെ അവ ഒഴിച്ചു നിർത്തുന്നില്ല. ഉപദേഷ്ടാക്കന്മാർ യോഗ്യതയുള്ളവരാണെങ്കിലും അവർ വളരേണ്ടതുണ്ട് അതുപോലെ, മൂപ്പന്മാരും കൂടുതൽ ഫലപ്രദമായി തീരേണ്ടതിനുള്ള വഴികൾ കണ്ടെത്തണം.

**പുതിയ നിയമ ഉപദേശം**

രണ്ടാമതു, സഭാദ്ധ്യക്ഷന്മാർ തങ്ങളുടെ നേതൃത്വ കഴിവുകൾ വർദ്ധിപ്പിക്കേണ്ടതിന്റെ കാരണം ആത്മിയ ലക്ഷ്യ പ്രാപ്തിക്കു ഏറ്റവും നല്ല മാർഗ്ഗങ്ങൾ തേടുന്നതു വചനാനുസരണമാണ്. ഈ തത്വം ശരിയാണെന്നു പല പുതിയ നിയമ വേദഭാഗങ്ങളും തെളിയിക്കുന്നു.

*അദ്ധ്യക്ഷന്മാർ "പാമ്പുകളെ പോലെ ബുദ്ധിയുള്ളവർ" ആകേണം.* പരിമിത കല്പനയോടെ യേശു പന്തിരുവരെ അയച്ചപ്പോൾ, അവൻ അവരോടു പറഞ്ഞു, "ചെന്നായ്ക്കളുടെ നടുവിൽ ആടിനെ പോലെ, ഞാൻ

നിങ്ങളെ അയക്കുന്നു; ആകയാൽ പാമ്പിനെ പോലെ ബുദ്ധിയുള്ളവരും പ്രാവിനെ പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ" (മത്തായി 10:16; എൻആർഎസ്‌വി). "പാമ്പിനെ പോലെ ബുദ്ധിയുള്ളവരാകുവിൻ" എന്നതിൽ അന്തർലീനമായിരിക്കുന്നത്, പന്തിരുവർ ദൈവശ്വാസിയരായിരുന്നുവെങ്കിലും (മത്തായി 10:19, 20), അവർ ബുദ്ധിയുള്ള തീരുമാനങ്ങൾ എടുത്ത്, കഴിയുന്നത്ര ഉപദ്രവം ഒഴിവാക്കി, നേരിടുവാനിരുന്ന സാഹചര്യങ്ങളെ ബുദ്ധിപരമായി നേരിട്ടു കേൾക്കുന്ന സദസ്യരിലേക്കു അവരെ ഭരമേല്പിച്ച സന്ദേശം എത്തിക്കണമായിരുന്നു (മത്തായി 10:11–14). അതിനോടു യോജിക്കുന്ന വസ്തുത സഭ നയിക്കുവാൻ "മൂപ്പന്മാരെ" ദൈവം നിയോഗിച്ചിരിക്കുന്നതു എന്തെന്നാൽ; പ്രായമായവർ, പക്വതയും പരിചയവുമുള്ളവരായിരിക്കുമെന്ന കാര്യം, ആ വാക്കിന്റെ നിർവ്വചനത്തിൽ കാണാം. ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ സഭയെ നയിക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ബുദ്ധിയോടെ പ്രവർത്തിക്കുക എന്നാൽ നിപുണതയോടെ പ്രവർത്തിക്കുക എന്നാണ്.

*അദ്ധ്യക്ഷന്മാർ "വിവേകം" ഉള്ളവരാകുവാൻ പഠിക്കണം.* അനീതിയുള്ള കാര്യ വിചാരകന്റെ ഉപമയിൽ (ലൂക്കൊസ് 16:1–9), യേശു ഒരു കാര്യവിചാരകനെ ചിത്രീകരിച്ചു അതിൽ കാര്യവിചാരകൻ തന്റെ യജമാനന്റെ വസ്തുവകകൾ നാനാവിധമാക്കി കളഞ്ഞതറിഞ്ഞ് യജമാനൻ അവനെ ശാസിക്കുന്നതിനു മുൻപു കണക്കുവിവരം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു. ആ ദുഷ്ടനായ കാര്യവിചാരകൻ തന്റെ ജോലിയിൽ നിന്നു തന്നെ നീക്കിയാലും ജീവിക്കേണ്ട മാർഗ്ഗം തേടുകയാണ്. ആ ഉപമ യേശു ഈ വാക്കുകളാലാണ് അവസാനിപ്പിക്കുന്നത്:

> ... ഈ അനീതിയുള്ള കാര്യവിചാരകൻ ബുദ്ധിയോടെ പ്രവർത്തിച്ചതുകൊണ്ടു യജമാനൻ അവനെ പുകഴ്ത്തി വെളിച്ചമക്കളേക്കാൾ ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ ബുദ്ധിയേറിയവരല്ലോ. അനീതിയുള്ള മാമ്മോനെക്കൊണ്ടു നിങ്ങൾക്കു സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊൾവിൻ; എന്നു ഞാൻ നിങ്ങളോടു പറയുന്നു, അതു ഇല്ലാതെയാകുമ്പോൾ, അവർ നിത്യ കൂടാരങ്ങളിൽ നിങ്ങളെ ചേർത്തുകൊൾവാൻ ഇടയാകും (ലൂക്കൊസ് 16:8, 9).

ക്രിസ്ത്യാനികൾ തങ്ങളുടെ കഴിവുകൾ ഉപയോഗിച്ചു, "വിവേകത്തോടെ," അല്ലെങ്കിൽ ബുദ്ധിയോടെ പെരുമാറുവാൻ പഠിക്കണം എന്ന പാഠമാണ് യേശു ഈ പാഠത്തിൽ ഉദ്ദേശിച്ചത്. അനീതിയുള്ള കാര്യവിചാരകൻ തന്റെ വിവേകത്തെ സ്വന്തം സ്വാർത്ഥത ലക്ഷ്യമാക്കി ഉപയോഗിച്ചുവെങ്കിൽ, ക്രിസ്ത്യാനികളുടെ ഉദ്ദേശം ആത്മാക്കളുടെ രക്ഷയായിരിക്കണം. വീണ്ടും, ബുദ്ധിയോടെ ഇരിക്കേണ്ടതിന്റെ ആവശ്യകത യേശു പഠിപ്പിക്കയാണ്, അത് നമ്മുടെ കഴിവുകൾ വൈഭവത്തോടെ ഉപയോഗിക്കുവാനാണ്.

*അദ്ധ്യക്ഷന്മാർ സ്നേഹിക്കുന്നതും പ്രേരിപ്പിക്കുന്നതുമായ വാക്കുകൾ വേണം സംസാരിക്കുവാൻ.* സഭാദ്ധ്യക്ഷന്മാർ ശരിയായ കാര്യം ശരിയായ സമയത്ത് ശരിയായ രീതിയിൽ പറയണം:

ഓരോരുത്തനോടു നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നു അറിയേണ്ടതിന്നു, *നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടു കൂടിയതും, ഉപ്പിനാൽ, രുചി വരുത്തിയതും, ആയിരിക്കട്ടെ* (കൊലൊസ്യർ 4:6; എംഫസിസ് മൈൻ).

ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ, നിങ്ങളിലുള്ള പ്രത്യാശയെ കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും, *സൗമ്യതയും ഭയഭക്തിയും പൂണ്ടു* പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ; 1 പത്രൊസ് 3:15; എംഫസിസ് മൈൻ.)

കർത്താവിന്റെ ദാസൻ ശണ്ഠ – ഇടാതെ, എല്ലാവരോടും ശാന്തനും, ഉപദേശിപ്പാൻ സമർത്ഥനും, ദോഷം സഹിക്കുന്നവനുമായി അത്രേ ഇരിക്കേണ്ടതു, *വിരോധികൾക്കു അവരെ സൌമ്യതയോടെ പഠിപ്പിക്കേണ്ടതും ആകുന്നു,* ... (2 തിമൊഥെയൊസ് 2:24, 25; എംഫസിസ് മൈൻ).

*സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു,* ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും, ... (എഫെസ്യർ 4:15; എംഫസിസ് മൈൻ).

അദ്ധ്യക്ഷന്മാർ പറയുന്നതു മാത്രമല്ല പരിഗണിക്കേണ്ടത്; *അവർ അത് എങ്ങനെ പറയുന്നു* എന്നതും പ്രാധാന്യമുള്ള കാര്യമാണ്! ശരിയായി, വ്യക്തമായി, പ്രചോദനമായി, കൂടാതെ സ്നേഹത്തോടെയും സംസാരിക്കുന്നതു ഒരു നിപുണതയാണ്.

*അദ്ധ്യക്ഷന്മാർ സാധ്യമായ എല്ലാ വഴികളും ഉപയോഗിക്കണം.* 1 കൊരിന്ത്യർ 9:19–23–ൽ, പൗലൊസ് ഏറ്റവും ഫലപ്രദമായ വഴിയാണ് ഉപയോഗിച്ചത് എന്നു പറയുന്നു:

യെഹൂദന്മാരെ നേടേണ്ടതിനു, ഞാൻ യെഹൂദന്മാർക്കു യെഹൂദനെപ്പോലെ ആയി; ന്യായപ്രമാണത്തിൻ കീഴുള്ളവരെ നേടേണ്ടതിനു, ഞാൻ ന്യായപ്രമാണത്തിൻ കീഴുള്ളവൻ അല്ല എങ്കിലും, ന്യായപ്രമാണത്തിൻ കീഴുള്ളവർക്കു, ന്യായപ്രമാണത്തിൻ കീഴുള്ളവനെപോലെ ആയി; ദൈവത്തിനു ന്യായപ്രമാണമില്ലാത്തവൻ ആകാതെ, ക്രിസ്തുവിനു ന്യായപ്രമാണമുള്ളവൻ ആയിരിക്കെ, ന്യായപ്രമാണമില്ലാത്തവരെ നേടേണ്ടതിനു ഞാൻ ന്യായപ്രമാണമില്ലാത്തവർക്കു, ന്യായപ്രമാണം ഇല്ലാത്തവനെ പോലെ ആയി. ബലഹീനന്മാരെ നേടേണ്ടതിനു, ഞാൻ ബലഹീനർക്കു ബലഹീനനായി; ഏതു വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിനു, ഞാൻ എല്ലാവർക്കും എല്ലാമായി തീർന്നു (1 കൊരിന്ത്യർ 9:20–22).

പൗലൊസ് അന്നു "എല്ലാം ആയിത്തീർന്നു," എന്നതു ഉപയോഗിച്ചു എങ്കിൽ ഇന്നത്തെ സഭാദ്ധ്യക്ഷന്മാരും അങ്ങനെ ആകണം.

*അദ്ധ്യക്ഷന്മാർ പണിയേണ്ടതു ശ്രദ്ധയോടെയാകണം.* 1 കൊരിന്ത്യർ 3:5-15-ൽ, പൗലൊസ് പഠിപ്പിച്ചതു പൗലൊസിനെയും അപ്പൊല്ലോസിനേയും പോലെയുള്ളവർ പണിയുന്നവർ എന്നാണ് പറഞ്ഞത്(വാ. 9, 10). ക്രിസ്തു സഭയുടെ അടിസ്ഥാനം ആകയാൽ, സഭാദ്ധ്യക്ഷന്മാർ അടിസ്ഥാനത്തിനായി പണിയേണ്ടതില്ല (വാ. 10, 11). സഭാദ്ധ്യക്ഷന്മാർക്കു രണ്ടു തരത്തിലുള്ള വസ്തുക്കളിൽ ഏതെങ്കിലും ഉപയോഗിച്ചു ആ അടിസ്ഥാനത്തിൽ സഭാദ്ധ്യക്ഷന്മാർക്കു "കെട്ടിടം" പണിയുവാൻ കഴിയും: ഒന്നുകിൽ (1) പൊന്നു, വെള്ളി, വിലയേറിയ കല്ലുകൾ, അല്ലെങ്കിൽ (2) മരം, പുല്ലു, വൈക്കോൽ (വാ. 12). കെട്ടിടത്തിൽ ഏതു തരം സാധനങ്ങളാണ് ഉപയോഗിക്കേണ്ടതു എന്നു ഏതാണ്ട്, പണിയുന്നവരാണ് തീരുമാനിക്കുന്നത്. ഓരോരുത്തന്റെ പ്രവൃത്തി ശോധന ചെയ്യുന്ന ദിവസം വരും, അതു തീ കൊണ്ടായിരിക്കും എന്നു പൗലൊസ് പറഞ്ഞു (വാ. 13). മരം, പുല്ലു, വൈക്കോൽ എന്നിവ തീയാൽ വെന്തു പോകും; സ്വർണ്ണം, വെള്ളി, കൂടാതെ വിലയേറിയ കല്ലുകൾ എന്നിവ നിലനില്ക്കും. പൗലൊസ് പറഞ്ഞ ശോധനാ ദിവസം സമ്മർദ്ദത്തിന്റെയും, ഉപദ്രവത്തിന്റെയും, പരീക്ഷണത്തിന്റെയും സമയമാണ്. എല്ലാ ഇടവകകളും അവസാനം പരിശോധനാ സമയം നേരിടും.

പണിയുന്നവന്റെ പണി നിലനിന്നാൽ, അവനു പ്രതിഫലം ഉണ്ട് (വാ. 14). തന്റെ പ്രവൃത്തി വൃഥാവായില്ല എന്നു അറിയുന്നതിനേക്കാൾ വലിയ പ്രതിഫലം വേലക്കാരനു ഈ ലോകത്തിൽ കിട്ടുവാനില്ല - അവൻ പണിത സഭ നില നില്ക്കുകയും വളരുകയും ചെയ്തിരിക്കുന്നു! ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിലോ, അവനു ചേതം വരും താനോ രക്ഷിക്കപ്പെടും (വാ. 15). താൻ പണിതുയർത്താൻ ശ്രമിച്ച സഭ വിഷമസന്ധികളെ അതിജീവിച്ചില്ല എന്നും അത് നിലനില്ക്കുന്നില്ല എന്നുമറിയുമ്പോഴുമുള്ള ഏകാന്തതയുടെ, നഷ്ടത്തിന്റെ വികാരം ഓർക്കുക! എന്നിരുന്നാലും, പ്രവൃത്തിക്കുന്നവൻ ദൈവേഷ്ടപ്രകാരം ഏറ്റവും നല്ല രീതിയിൽ പ്രവർത്തിച്ചാൽ, അവൻ നഷ്ടപ്പെടുകയില്ല; അവന്റെ രക്ഷ അവൻ പരിവർത്തനം ചെയ്ത ആളുകൾ വിശ്വസ്തരായി ജീവിക്കുന്നതിലോ അല്ലെങ്കിൽ അവൻ സ്ഥാപിച്ച ഇടവകകൾ എത്ര നില നിന്നിട്ടുണ്ട് എന്നതിനെയോ ആസ്പദമാക്കിയുള്ളതല്ല.

അപ്പോൾ, പിന്നെ, പണിയുന്നവൻ - സഭാദ്ധ്യക്ഷൻ എന്തു - ചെയ്യണം? "താൻ എങ്ങനെ പണിയുന്നു എന്നു ഓരോരുത്തനും നോക്കിക്കൊള്ളട്ടെ," അല്ലെങ്കിൽ "ഓരോരുത്തൻ എങ്ങനെ പണിയുന്നു എന്നു ശ്രദ്ധിക്കണം" (വാ. 10; കെജെവി). ശ്രദ്ധയോടെ പണിയാനുള്ള വെല്ലുവിളി നിപുണതയോടെ പണിയാനുള്ള വെല്ലുവിളിയാണ്! നേതൃത്വത്തോടു ബന്ധപ്പെട്ടിരിക്കുന്ന നിപുണതകൾ സഭാദ്ധ്യക്ഷന്മാർ പഠിക്കണം.

### നിപുണതകൾ വളർത്തൽ

സഭാദ്ധ്യക്ഷന്മാർ മറ്റുള്ളവരോടു യോജിച്ചു പോകുവാൻ പഠിക്കണം.

അദ്ധ്യക്ഷന്മാർ തങ്ങളുടെ "ജോലിക്കു" യോഗ്യതയുള്ളവർ ആണെ ങ്കിലും, അവർ തങ്ങളുടെ ജോലി ഫലപ്രദമായി ചെയ്യുവാൻ "ജന നിപുണതകൾ" പഠിക്കേണ്ടവരാണ്. പലപ്പോഴും, സഭയിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതു, പെരുമാറ്റത്തിന്റെ തെറ്റും ശരിയും കൊണ്ടല്ല, പിന്നെയോ ആളുകൾ തമ്മിലുള്ള വ്യത്യാസം കൊണ്ടാണ്. അതിലുപരിയായി, ഒരു അദ്ധ്യക്ഷൻ സൈദ്ധാന്തികമായും ഉപദേശപരമായും നീതിമാനായ വ്യ ക്തിയായിരിക്കാം എന്നാൽ ആളുകളുമായി ബന്ധപ്പെടുന്നതിൽ കഴിവു കുറഞ്ഞാൽ അയാൾ ഫലശൂന്യമായ വ്യക്തിയായി തീരും.

ഒരു സഭാദ്ധ്യക്ഷനു എങ്ങനെ നല്ല വ്യക്തിബന്ധ നിപുണതകൾ വളർത്തിയെടുക്കുവാൻ കഴിയും?

**എല്ലാ ആളുകളിലും താല്പര്യം ജനിപ്പിച്ചുകൊണ്ട്**

സഭാദ്ധ്യക്ഷന്മാർ "ആളുകളുടെ കാര്യത്തിൽ" ഏർപ്പെട്ടിരിക്കുന്നവ രാണ്. ഈ ലേഖനത്തിൽ പ്രതിപാദിച്ചതു പോലെ അവർ സഭയ്ക്കകത്തും പുറത്തും ഉള്ള മറ്റുള്ളവരിലും, കാര്യമായ താല്പര്യം ഉള്ളവരാകണം:

> "നിങ്ങൾ എത്രത്തോളം കരുതുന്നു എന്ന് അവർ അറിയുന്ന തുവരെ, ആരും നിങ്ങൾക്ക് എത്രത്തോളം അറിയാമെന്ന് കരുതു കയില്ല." ... നാം പലപ്പോഴും അറിവ് കൂടുതലുള്ളവരും അനുകമ്പ കുറവുള്ളവരും, ഉപദേശം ശരിയായവരും, സ്വാഭാവികമായും വെറു പ്പുള്ളവരുമാണ്! യേശു ബസുകൾക്കോ, ബഡ്ജറ്റുകൾക്കോ കെട്ടി ടങ്ങൾക്കോ വേണ്ടിയല്ല മരിച്ചത് എന്നു ഓർക്കുന്നതിന് നാമെല്ലാം നന്നായി പ്രവർത്തിക്കണം; അല്ലെങ്കിൽ കാർപ്പെറ്റുകൾക്കോ, തണു പ്പിക്കുന്നതിനോ കമ്മിറ്റികൾക്കോ വേണ്ടിയല്ല അവൻ മരിച്ചത്. അവൻ മരിച്ചതു ആളുകൾക്കുവേണ്ടിയാണ്!
>
> ആളുകളൊത്തു പ്രവർത്തിക്കുവാൻ സാമാന്യ ബുദ്ധിക്കുത കുന്ന ചില നിയമാവലികൾ ഇതാ:
>
> 1. ആളുകളോടു സംസാരിക്കുക! സന്തോഷത്തോടെ വന്ദനം ചെയ്യുന്ന വാക്കിനേക്കാൾ നല്ലതു മറ്റൊന്നില്ല!
>
> 2. ആളുകളെ നോക്കി ചിരിക്കുക! ചിരി ഒരു അന്തർദ്ദേശിയ ഭാഷയാണ്. നെറ്റി ചുളിക്കുവാൻ 72 പേശികൾ ആവശ്യമാണ്, എന്നാൽ ചിരിക്കുവാൻ 14 എണ്ണം മതി. അതു ഓഹരികൾ തിരിച്ചു നല്കും!
>
> 3. ആളുകളെ പേരെടുത്തു വിളിക്കുക! "സ്നേഹിതരെ പേർ വിളിച്ചു വന്ദനം ചെയ്യുക" (3 യോഹന്നാൻ 15).
>
> 4. സൗഹാർദ്ദപരവും സഹായകരവുമാവുക! നല്ല സ്നേഹിത നാകുകയാണ് സ്നേഹിതന്മാരുണ്ടാകുവാനുള്ള ഏറ്റവും നല്ല വഴി. യേശു "പാപികളുടെ സ്നേഹിതന്മാർ" ആയിരുന്നു (ലൂക്കൊസ് 7:34).
>
> 5. നിങ്ങളുടെ സ്നേഹത്തിൽ ചരടുകൾ ഇടാതിരിക്കുക! ഇങ്ങനെ അല്ല ആയിരിക്കേണ്ടത്, "എങ്കിൽ ഞാൻ നിങ്ങളെ സ്നേഹിക്കാം ..." [ഒരു വ്യക്തിയിൽ പാപവും ബലഹീനതയും]

"ഉണ്ടായിരുന്നിട്ടും" [ദൈവം ഓരോ വ്യക്തിയേയും തന്റെ സാദൃശത്തിൽ സൃഷ്ടിച്ചതുകൊണ്ടും അവൻ നമ്മെ സ്നേഹിച്ചതുകൊണ്ടും] "ആയിരുന്നു" യേശു നമ്മെ സ്നേഹിച്ചത്.

6. വാസ്തവത്തിൽ ആളുകളിൽ താല്പര്യം ഉള്ളവരാകുക! *ആളുകൾ* വിലയുള്ളവരാണെന്നു നിങ്ങൾ ഓർമ്മിക്കുമെങ്കിൽ അവരോടു പെരുമാറുവാൻ എളുപ്പമാണ്.

7. പുകഴ്ത്തുന്നതിൽ ഔദാര്യം കാണിക്കുക! ആളുകളെ അക്ഷരികമായി "പുകഴ്ത്തി വലുതാക്കുവാൻ" നിങ്ങൾക്കു കഴിയും. ...

8. മറ്റുള്ളവരുടെ വികാരങ്ങളെ മാനിക്കുക. സുവർണ്ണ നിയമം പറയുന്നു: "മറ്റുള്ളവർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ വിചാരിക്കുന്നത് നിങ്ങൾ അവർക്കു ചെയ്യുക."

9. മറ്റുള്ളവരുടെ അഭിപ്രായങ്ങളെ ചിന്തിക്കുന്നവരാകുക! വിവാദത്തിനു മൂന്നു വശങ്ങൾ ഉണ്ടായേക്കാം – നിങ്ങളുടേതും, മറ്റേ ആളുടേതും ശരിയായ വശവും!

10. സേവനത്തിനു ജാഗ്രതയുള്ളവരാകുക! "ദാസന്മാരും," "നല്കുന്നവരും," ആണ് "മഹത്വത്തി" ലേക്കുള്ളവർ (മത്തായി 20:26). ...

നാം ഉപദേശപരമായി ശരിയാകുവാനും, സംഘടനാപരമായി ശക്തരാകുവാനും, ശുശ്രൂഷ ധനികമാക്കുവാനും, ശ്രമിക്കുമ്പോൾ ലോകത്തിലെ ഏറ്റവും വിലയേറിയ ഉല്പന്നമായ "ആളുകളോടു," കൂടിയാണ് നാം സഹകരിക്കുന്നത് എന്നതു മറക്കരുത്. *ശ്രദ്ധയോടെ കൈകാര്യം ചെയ്യുക ... പ്രാർത്ഥനയോടെ കൈകാര്യം ചെയ്യുക.*[2]

സഭാദ്ധ്യക്ഷന്മാർ ബഡ്ജറ്റുകളും കണക്കുകളും പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുമ്പോൾ ആ ബഡ്ജറ്റുകളാലും കണക്കുകളാലും സൂചിപ്പിച്ചിട്ടുള്ള ആളുകളുടെ കാര്യം അവർ മറക്കുന്നു. സഭാദ്ധ്യക്ഷന്മാർ തീർച്ചയായും "ആളുകളുടെ കാര്യം" നോക്കുന്നവരാണ്.

**തങ്ങളെ ഭേദപ്പെടുത്തൽ**

ഒരുപക്ഷെ, സഭാദ്ധ്യക്ഷന്മാർക്കു മറ്റുള്ളവരുമായി യോജിച്ചു പോകുവാൻ തടസ്സമായി നില്ക്കുന്ന മുഖ്യ ശത്രു അവർ തന്നെ ആയിരിക്കും. ആളുകൾ ഇങ്ങനെ ചിന്തിക്കാറുണ്ട്, "ആ സഹോദരൻ മാറിയാൽ എനിക്കു ആ സഹോദരനുമായി ചേർന്നു പോകാൻ ഒരു തടസ്സവുമില്ല." അദ്ധ്യക്ഷന്മാർ തിരിച്ചറിയേണ്ടതു ഏതെങ്കിലും ഒരു സഹോദരനുമായി – എല്ലാവരുമായിട്ടു ചേർന്നു പോകണമെങ്കിൽ – അതിനുള്ള ഏക വഴി അവർ തങ്ങളെത്തന്നെ മാറ്റുക എന്നതാണ്. ആവശ്യമുള്ള മാറ്റങ്ങൾ വരുത്താൻ, അദ്ധ്യക്ഷന്മാർ രണ്ടു കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്:

(1) *അവർ "തങ്ങൾ ആകുവാൻ തീരുമാനിക്കണം."* ആരും ആരെയും പൂർണ്ണമായി അനുകരിക്കുന്നില്ല. വിരലടയാളങ്ങൾ ഉള്ള വ്യക്തികൾ പോലെയാണ് അദ്ധ്യക്ഷന്മാർ. അവർ അല്ലാത്തത് ആകുവാനായി ശ്രമിക്കുമ്പോൾ (ഉദാ., ഒരു അന്തർമുഖൻ ബഹിർമുഖൻ ആകു

വാൻ ശ്രമിച്ചാൽ) അവർക്ക് വാസ്തവത്തിലുള്ള പ്രത്യക്ഷത സൂക്ഷിക്കുവാൻ കഴിയാതെ വരും. പുതിയ നിയമകാലയളവിൽ പൗലൊസും, പത്രൊസും, ബർന്നബാസും, അന്ത്രയോസും, തോമസും വ്യത്യസ്തരായിരുന്നു എങ്കിലും, എല്ലാവരും ദൈവത്തിന് പ്രസാദമുള്ളവരായിരുന്നു. ഇന്നു എല്ലാവരും ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽ ഒരുപോലെയാണ് എന്നു അദ്ധ്യക്ഷന്മാർ വിചാരിക്കേണ്ടതില്ല.

(2) *അവർ "ഏറ്റവും നല്ലവരായിരിക്കണം."* വ്യക്തിത്വപരിധിയിൽ നിന്നുകൊണ്ടു, "തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം" അഭിവൃദ്ധി പ്രാപിക്കുവാനുള്ള അവസരം എപ്പോഴും ഉണ്ട് (എഫെസ്യർ 4:13). അഭിവൃദ്ധി പ്രാപിക്കുവാനുള്ള ഏറ്റവും നല്ലവഴി ക്രിസ്തുവിന്റെ സ്വഭാവം ധരിക്കയാണ്. മറ്റുള്ളവർ ഒരു അദ്ധ്യക്ഷനെ ഇഷ്ടപ്പെടുവാനും പിൻപറ്റുവാനും അയാളിൽ 1 കൊരിന്ത്യർ 13:4-7, ഗലാത്യർ 5:22, 23, അല്ലെങ്കിൽ 2 പത്രൊസ് 1:5-7, ഇവയിൽ പറഞ്ഞിരിക്കുന്ന സ്വഭാവങ്ങൾ ഉണ്ടായാൽ മതി. ചിലപ്പോൾ ചില നിസ്സാരമായ വ്യക്തിത്വ സവിശേഷത, സ്വഭാവത്തിലെ അപൂർണ്ണത വെളിപ്പെടുത്തും. ഉദാഹരണമായി, ആരെങ്കിലും, "മറ്റുള്ളവരെ വന്ദനം ചെയ്യുവാൻ അല്ലെങ്കിൽ അവരുടെ ക്ഷേമത്തെ കുറിച്ചു അന്വേഷിക്കുവാൻ അല്ലെങ്കിൽ മറ്റുള്ളവരുടെ വിഷമങ്ങളും പ്രശ്നങ്ങളും സമയമെടുത്ത് കേൾക്കുവാൻ എന്റെ വ്യക്തിത്വം എന്നെ അനുവദിക്കുന്നില്ല," എന്നു പറയുകയാണെങ്കിൽ, അയാളുടെ വ്യക്തിത്വത്തിനല്ല പ്രശ്നം അയാളുടെ സ്നേഹിക്കുവാനും കരുതുവാനുമുള്ള താല്പര്യമില്ലായ്മയാണ്.

**മറ്റുള്ളവരുമായി ബന്ധപ്പെടൽ**

ഒരാൾ പറഞ്ഞു, "ഇടയന്റെ ഒരു സ്വഭാവം എന്തെന്നാൽ അയാൾ ആടുകളോടുകൂടെ വസിക്കുന്നു എന്നതാണ്; അവരെ പോലെ ഗന്ധം ഉണ്ടാകുന്നതുവരെ അവരോടുകൂടെ ജീവിക്കണം." സഭാദ്ധ്യക്ഷന്മാർ തങ്ങൾ നയിക്കുന്നവരുമൊത്ത് സമയം ചെലവിടണം. ആടുകളോടുകൂടെ ആയിരിക്കാതെ എങ്ങനെ ഒരാൾക്കു ദൈവത്തിന്റെ കൂട്ടത്തെ മേയ്ക്കുവാൻ കഴിയും എന്നതു ഊഹിക്കുവാനേ കഴിയുകയില്ല. ഒരു സഭാദ്ധ്യക്ഷൻ അംഗങ്ങളോടുകൂടെ തുടർച്ചയായി ഉണ്ടായിരുന്നാൽ, താഴെ പറയുന്ന രണ്ടു ഫലങ്ങൾ ഉണ്ടാകും.

*ഒന്നു, അയാൾക്കു ഇടവകയെ നന്നായി അറിയുവാൻ കഴിയും.* അവരെ അറിയത്തക്കവണ്ണം അംഗങ്ങളോടുകൂടെ ഇല്ലെങ്കിൽ ഒരദ്ധ്യക്ഷനു ആ ഇടവകയുടെ ആവശ്യങ്ങൾ എന്തെന്ന് അറിയുവാനോ അവരെ എങ്ങനെ നയിക്കുമെന്നറിയുവാനോ പ്രയാസമായിരിക്കും. ഒരദ്ധ്യക്ഷൻ അംഗങ്ങളെ അവരുടെ പേരിൽ മാത്രം അറിയുകയും അവരുടെ വ്യക്തിപരമായ ചരിത്രവും വ്യക്തിപരമായ പ്രശ്നങ്ങളും അറിയുന്നതുവരെ അവരോടുകൂടെ ജീവിക്കാതെയിരുന്നാൽ, അവരെ നയിക്കുവാനുള്ള അവകാശം അയാൾ നേടിയിട്ടില്ല എന്നു പറയാം.

*രണ്ടാമത്തേതും, ഒരുപക്ഷെ കൂടുതൽ പ്രാധാന്യമുള്ളതും ആയതു, തന്നെ അറിയുവാൻ അവരെ അനുവദിക്കണം എന്നതാണ്.* ആടുകൾ

തങ്ങളുടെ ഇടയനെ നന്നായി അറിഞ്ഞാൽ മാത്രമെ അവ മനസ്സോടെ ഇടയനെ പിൻപറ്റുകയുള്ളൂ. അതുകൊണ്ടു, മൂപ്പന്മാർ മറ്റുള്ളവർക്കു തങ്ങളെത്തന്നെ വെളിപ്പെടുത്തണം. സഭാദ്ധ്യക്ഷന്മാർ ചിലപ്പോൾ ഇതു ചെയ്യുവാൻ മടിച്ചേക്കാം. അവർ മാതൃകയാൽ നയിക്കേണ്ടതാണെന്നു അവർക്കറിയാം. അവർ പൂർണ്ണരല്ല എന്നും അവർക്കറിയാം. അവരുടെ അപൂർണ്ണതകൾ മറ്റുള്ളവർ അറിഞ്ഞാൽ, ഇടവക അവരെ കാപട്യമുള്ളവൻ എന്നു നിന്ദിക്കും, അപ്പോൾ അവരിലുള്ള വിശ്വാസ്യത നഷ്ടമാകും, അംഗങ്ങൾ അവരെ പിൻപറ്റുവാനും മടിക്കും എന്നവർ ചിലപ്പോൾ ഭയപ്പെടുന്നു. എന്നാലും, "വാസ്തവത്തിലുള്ള നിങ്ങൾ" ആരാണെന്ന് അറിയുവാൻ അവരെ അനുവദിക്കുന്നത് അല്പം പ്രയാസമുള്ളതാണ്. തങ്ങളെ വെളിപ്പെടുത്തുമ്പോൾ അദ്ധ്യക്ഷന്മാരെ അംഗങ്ങൾ അഭിനന്ദിക്കും.

**മറ്റുള്ളവർക്കുവേണ്ടി ശ്രദ്ധയും കരുതലും കാണിക്കൽ**

പല "മനുഷ്യബന്ധ നിയമങ്ങൾക്കും" വിലയുണ്ട്, പക്ഷെ വ്യക്തിബന്ധങ്ങൾക്കു ഏറ്റവും നല്ല "നിയമപുസ്തകം" ബൈബിൾ ആണ്. അദ്ധ്യക്ഷന്മാർ സ്നേഹവും, ദയയും, നിസ്വാർത്ഥതയും ഉള്ള ദാസന്മാരാണെങ്കിൽ, അവർ ഒരുപക്ഷെ മറ്റുള്ളവരുമായി ചേർന്നു പോകും. ഒരുപക്ഷെ, ഏറ്റവും നല്ല ഉപദേശമാണ്, "നിങ്ങൾ കരുതുന്നതു എന്നു *കാണിക്കുക.*" സഭാദ്ധ്യക്ഷന്മാർ അവരുടെ കൂട്ടത്തെ സ്നേഹിക്കുന്നുണ്ട്, പക്ഷെ ചിലപ്പോൾ അവരുടെ സ്നേഹം പ്രകടിപ്പിക്കയോ കാണിക്കയോ ഇല്ല. സ്നേഹം പ്രകടിപ്പിച്ചില്ലെങ്കിൽ, അതു സ്വീകരിക്കയോ അഭിനന്ദിക്കയോ ചെയ്യില്ല! ആനുകാലിക പ്രസിദ്ധീകരണമായ *ആക്ഷൻ* എന്നതിലുള്ള "ദ ഹാതോൺ എഫെക്റ്റ്" എന്ന ലേഖനത്തിൽ, താഴെ കൊടുത്ത മാതൃക ഉപയോഗിക്കപ്പെട്ടിട്ടുണ്ട്:

> ജോലിയുടെ ഉൽപ്പന്ന ഫലത്തിനായി ഒരു കമ്പനിയിലെ ഒരു ഡിപ്പാർട്ട്മെന്റിൽ നിന്നു ആറു സ്ത്രീകളെ പ്രത്യേകമായി തിരഞ്ഞെടുത്തു വിവിധ രീതികളിൽ അവരുടെ ജോലി സ്ഥിതി വ്യത്യാസപ്പെടുത്തുവാൻ ശ്രമിച്ചു. പ്രത്യേകമായ പത്തു മാറ്റങ്ങൾ, ഓരോ സമയത്തു, അവരുടെ ജോലി സ്ഥിതിയിൽ വരുത്തിയാണതു ചെയ്തതു. കമ്പനിയെ അതിശയിപ്പിച്ചുകൊണ്ടു, നവീനതയുടെ പ്രത്യേകത കണക്കാക്കാതെ, അതു വളരെ മോശമായ അവസ്ഥയിലായിരുന്നിട്ടുപോലും, ഓരോ മാറ്റത്തിലും ഉൽപ്പന്നവർദ്ധനവുണ്ടായതായി കണ്ടു.
>
> എങ്ങനെ ആ ജോലിയുടെ അവസ്ഥ മാറ്റുവാൻ കഴിഞ്ഞു? എന്തുകൊണ്ട് എന്നതിനു നാലു നല്ല കാരണങ്ങൾ തീർച്ചയാണ്: (1) അവർ എന്തോ പ്രത്യേകതയുള്ളവരാണെന്നു അവരെ തോന്നിപ്പിച്ചു. (2) അവരോടു പ്രത്യേകമായി നല്ലരീതിയിൽ പെരുമാറി. (3) അവർക്കു നല്ല ശ്രദ്ധ കൊടുത്തു. (4) മാറ്റങ്ങൾ വരുത്തിയതു തങ്ങളുടെ ഗുണത്തിനാണെന്നു അവർ മനസ്സിലാക്കി.

മറ്റൊരു വാക്കിൽ, ആളുകൾക്കു തങ്ങൾ "എന്തോ പ്രത്യേകത ഉള്ള

വർ" എന്നു സ്വയം തോന്നി അവരെ "പ്രത്യേകതയുള്ളതായി കണക്കാക്കിയാൽ," അവർക്ക് "നന്നായി ശ്രദ്ധ നൽകിയാൽ" അദ്ധ്യക്ഷന്മാരുടെ ഹൃദയത്തിൽ ഇടം നേടിയതായി അറിഞ്ഞാൽ, നിഷ്പ്പക്ഷമായതോ ചെറുതോ ആയ മാറ്റത്തിനു പോലും അവർ ചെയ്തുകൊണ്ടിരുന്ന ജോലി കൂടുതൽ നന്നായി ചെയ്യുവാൻ അവർക്കു പ്രചോദനമാകും! ഈ പാഠം ബിസിനസുകാർ, സ്കൂളുകൾ, പങ്കാളികൾ, രക്ഷകർത്താക്കൾ, സഭാദ്ധ്യക്ഷന്മാർ എന്നിവർ, പഠിക്കേണ്ടതാണ്!

ഈ ഉപദേശവും ഡെയിൽ കാർണെജിയും മറ്റുള്ളവരും നല്കിയ "സ്നേഹിതരെ നേടുന്നതും ആളുകളെ സ്വാധീനിക്കുന്നതും എങ്ങനെ"? എന്നതിൽ ഉള്ള ഉപദേശവും തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ? *വ്യത്യാസം ഉള്ളതു ലക്ഷ്യത്തിലാണ്: സഭാദ്ധ്യക്ഷന്മാർ ആളുകളോടു ശരിയായി പെരുമാറുവാൻ കാരണം അങ്ങനെ ചെയ്യുന്നതാണ് ശരി, അല്ലാതെ അങ്ങനെ ചെയ്താലേ അവരെ നിയന്ത്രിക്കാനാവൂ എന്നതു കൊണ്ടല്ല - അവരിൽ നിന്നു അധിക ലാഭം ഉദ്ദേശിച്ചുമല്ല.* അദ്ധ്യക്ഷന്മാരുടെ ലക്ഷ്യം അവരുടേതല്ല, മറ്റുള്ളവരുടെ ക്ഷേമമാകണം. ക്രിസ്ത്യാനികൾ മറ്റുള്ളവർക്കു നന്മ ചെയ്യുവാൻ കാരണം അവർ യേശുവിന്റെ മാതൃക പിൻപറ്റുന്നതുകൊണ്ടാണ് (പ്രവൃത്തികൾ 10:38), അങ്ങനെ അവർ രക്ഷിക്കപ്പെടുകയും, അതുമൂലം കർത്താവിന്റെ നാമം ഉയരുകയും സഭ വളരുകയും ചെയ്യും. ആരുടെയെങ്കിലും പ്രയോജനത്തിനോ തങ്ങൾക്കു പേരുണ്ടാകുന്നതിനോ ക്രിസ്ത്യാനികൾ നന്മ ചെയ്യുക*യില്ല*!

**മറ്റുള്ളവർക്കായി ദത്തെടുക്കുവാൻ പഠിക്കൽ**

മിക്ക നേതൃത്വ പ്രശ്നങ്ങളും സഭയിൽ ഉണ്ടാകുന്നതു "വ്യക്തിത്വ പ്രശ്നങ്ങൾ" കൊണ്ടാണ് അല്ലാതെ ഉപദേശപരമായ പ്രശ്നങ്ങൾ കൊണ്ടല്ല. ആളുകൾ വ്യത്യസ്തരാണ്! അവർക്കു വ്യത്യസ്ത വ്യക്തിത്വങ്ങളാണുള്ളത്, അവർ വരുന്നതു വ്യത്യസ്ത സാമൂഹ്യ - സാമ്പത്തിക പശ്ചാത്തലങ്ങളിൽ നിന്നു, വ്യത്യസ്ത പ്രായങ്ങളിൽ ഉള്ളവർ, വ്യത്യസ്ത കുടുംബങ്ങളിൽ നിന്നു കൂടാതെ വ്യത്യസ്ത വർഗ്ഗങ്ങളിൽ നിന്നു വരുന്നു, അവരുടെ തിരുവെഴുത്തിനോടുള്ള സമീപനവും വ്യത്യസ്തമായിരിക്കും.

ഒരു പരിധിവരെ, സഭയിലെ അംഗങ്ങളും അദ്ധ്യക്ഷന്മാരും തമ്മിലുള്ള ആചാരത്തിലുള്ള വ്യത്യാസ പ്രശ്നങ്ങൾ ദൈവം തന്നെ തന്റെ വചനത്തിൽ പരിഹരിച്ചിട്ടുണ്ട്. ഏതു തരം ആളുകളാണ് സേവനത്തിനു വേണ്ടതു എന്നും അവർ എങ്ങനെ സേവിക്കണം എന്നും ദൈവം പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. വാസ്തവത്തിൽ യോഗ്യരായ മൂപ്പന്മാർ ദാസന്മാരായ അദ്ധ്യക്ഷന്മാരായി സേവിക്കുവാനുള്ളത് ആചാര വ്യത്യാസ പ്രശ്നം പലപ്പോഴും ഒഴിവാക്കും. ഇടവകയിലെ അംഗങ്ങളിൽ നിന്നാണ് അദ്ധ്യക്ഷന്മാരെ തിരഞ്ഞെടുക്കേണ്ടത് (മൂപ്പന്മാരെ) എന്നു ദൈവം പറഞ്ഞിട്ടുമുണ്ട്. ആ പുരുഷന്മാർ ആ ഇടവകയിലെ ആചാരത്തിന്റെ ഭാഗവുമാണ്. അതുകൊണ്ടു, സഭാദ്ധ്യക്ഷന്മാരും അംഗങ്ങളും തമ്മിൽ ഉരസൽ ഉണ്ടാകുവാനുള്ള സാധ്യത കുറവാണ്.

വ്യത്യാസങ്ങൾ ഉള്ളതുകൊണ്ട് പിന്നെയും പ്രശ്നങ്ങൾ ഉണ്ടാകാം.

നിലവിലുള്ള കൂടുതൽ പേർക്കും അദ്ധ്യക്ഷൻ "ആചാരത്തിനു പുറത്തു കടന്നവൻ" ആയേക്കാം. അദ്ധ്യക്ഷൻ വിദ്യാഭ്യാസമുള്ള ആളും, അനുയായികളിൽ കൂടുതലും വിദ്യാഭ്യാസമില്ലാത്തവരുമാകാം; അയാൾ "പട്ടണക്കാരനും," അവരെല്ലാം "നാട്ടിൻപുറത്തുകാരും" ആയേക്കാം; അയാൾ "വടക്കുള്ളവനും," അവർ "തെക്കുള്ളവരും" ആയേക്കാം; അയാൾ "വ്യവസായിയും," അവർ "കൃഷിക്കാരും" ആയേക്കാം. ഇതിനെല്ലാം പുറമെ, വ്യക്തിത്വ വ്യത്യാസം അദ്ധ്യക്ഷന്മാർ തമ്മിലും അംഗങ്ങളും അദ്ധ്യക്ഷന്മാരും തമ്മിലും അകൽച്ച ഉണ്ടാക്കാം. ചില ആളുകൾ കൂടുതൽ ശുഭാപ്തി വിശ്വാസക്കാരും, ചിലർ കൂടുതൽ സംശയാലുക്കളും ആയേക്കാം; ചിലർ "സമ്പാദിക്കുന്നവരും," ചിലർ "ചെലവിടുന്നവരും" ആയേക്കാം; ചിലർ കൂടുതൽ അന്തർമുഖികളും, ചിലർ കൂടുതൽ ബഹിർമുഖികളും ആയേക്കാം; ചിലർ കൂടുതൽ ഉൾ - വലിയുന്നവരും, ചിലർ മറ്റു - ദിശയുള്ളവരുമായിരിക്കും; തുടങ്ങി ധാരാളം വ്യത്യാസങ്ങൾ ഉണ്ടാകാം. അത്തരം ആചാരങ്ങളും വ്യക്തിത്വങ്ങളും തമ്മിലുള്ള വ്യത്യാസം അപ്രസക്തമാണ്, പക്ഷെ അടിക്കടി അവയെല്ലാം സഭാ കുഴപ്പങ്ങളായി വരാറുണ്ട്.

അത്തരം വ്യത്യാസങ്ങളെ സഭാദ്ധ്യക്ഷൻ എങ്ങനെ കൈകാര്യം ചെയ്യും? ദൈവ ഭക്തിയുള്ള ഒരദ്ധ്യക്ഷൻ വിശ്വാസകാര്യങ്ങൾ ഉപേക്ഷിക്കയില്ല. എങ്ങനെയായാലും, വിട്ടുവീഴ്ച്ചയ്ക്കുവേണ്ടി, കാര്യം സാധിക്കുവാനായി അവൻ ഉപേക്ഷിക്കുവാൻ തയ്യാറാകും, അങ്ങനെ ചെയ്യുന്നതിലൂടെ സമാധാനം ഉണ്ടാക്കുവാനും സഭയെ പ്രബോധിപ്പിച്ചു വളർത്തുവാനും കഴിയും. താൻ ആരുമായി ചേർന്നു വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ അവരെ ദത്തെടുക്കുവാനും അവൻ തയ്യാറാകും. പൗലൊസിനെ പോലെ, "എല്ലാം കൊണ്ടും ചിലരെ രക്ഷിക്കേണ്ടതിനു" അയാൾ "എല്ലാവർക്കും എല്ലാം" ആകും (1 കൊരിന്ത്യർ 9:22). താൻ ആരെ രക്ഷിക്കുവാൻ വന്നുവോ, അവർക്കു കൂടുതൽ തിരിച്ചറിയേണ്ടതിനു സ്വർഗ്ഗം വിട്ടു ഭൂമിയിലേക്കു വന്ന ക്രിസ്തുവിന്റെ മാതൃക അയാൾ നോക്കും:

> അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്ത മഹാപുരോഹിതനും ആകേണ്ടതിനും, സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശനായി തീരുവാൻ ആവശ്യമായിരുന്നു. ... അവൻ ... നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിക്കുവാൻ, പാപം ഒഴികെ സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത് (എബ്രായർ 2:17, 18; നോക്കുക എബ്രായർ 4:15).

ഒരുപക്ഷെ സഭാദ്ധ്യക്ഷന് തനിക്കും മറ്റുള്ളവർക്കും ഇടയിലുള്ള വിടവ് പൂർണ്ണമായും നികത്തുവാൻ കഴിഞ്ഞെന്നുവരികയില്ല, എന്നാൽ അങ്ങനെ ചെയ്താൽ കൂടുതൽ ഫലപ്രദമായി അവന് ആളുകളെ നയിക്കുവാൻ കഴിയും. മറിച്ച്, അതിനെതിരാണെങ്കിൽ തന്റേതല്ലാത്ത മറ്റൊരു കാഴ്ച്ചപ്പാടിൽ കാണുവാൻ കഴിയുന്നില്ലെങ്കിൽ, തനിക്ക് വ്യത്യസ്തരായ

ആളുകളെ നയിക്കുവാൻ കഴിഞ്ഞെന്നു വരികയില്ല.

**ഉപസംഹാരം**

പരസ്യ പ്രാസംഗികനു പ്രേരിപ്പിക്കുവാൻ കഴിയുന്നതിന്റെ കാരണം അയാൾ മനസ്സിലാക്കിയതു കൊണ്ടാണ്. ഈ പ്രേരിപ്പിക്കുന്ന ഘടകത്തെ "വർഗ്ഗീയ പ്രേരിപ്പിക്കൽ" എന്നു വിളിക്കുന്നു. ഒരു പ്രാസംഗികനു നല്ല സ്വഭാവം ആവശ്യമാണെന്ന് പുരാതന ആലങ്കാരിക ശാസ്ത്രജ്ഞർ തിരിച്ചറിഞ്ഞതാണ്. ക്വിൻറ്റിലിയൻ പ്രഭാഷകനെ "സംസാരിക്കുന്നതിനു നിപുണതയുള്ള ഒരു നല്ല മനുഷ്യൻ"[3] ആയിട്ടാണ് വിവരിക്കുന്നത്. അതുപോലെ തന്നെ പ്രാധാന്യമുള്ളതാണ്, എങ്ങനെയായാലും, പ്രാസംഗികനെ "ഒരു നല്ല മനുഷ്യൻ" ആയി *മനസ്സിലാക്കണം* എന്നതും. ചിലപ്പോൾ സഭാദ്ധ്യക്ഷന്മാർക്കു നല്ല സ്വഭാവം കാണും, പക്ഷെ വിചിത്ര പെരുമാറ്റം ആ വസ്തുത തിരിച്ചറിയാതാക്കുന്നു. അവർ പ്രാഥമികമായി മാതൃകയാലും, ഉപദേശത്താലും, പ്രേരണയാലും നയിക്കുന്നതുകൊണ്ടു, അത്തരം വിചിത്ര സ്വഭാവങ്ങൾ, അവർ കഴിവതും, ഒഴിവാക്കേണ്ടതുണ്ട്, കൂടാതെ വ്യക്തിബന്ധ പാടവങ്ങൾ പഠിച്ചാൽ അവരെ അതു നല്ല മനുഷ്യരാക്കുക മാത്രമല്ല, പിൻപറ്റുവാൻ യോഗ്യരായ *നല്ല മനുഷ്യർ ആയി മനസ്സിലാക്കേണ്ടതിനു* അവരെ സഹായിക്കും.

---

കുറിപ്പുകൾ

[1]"ദാസ്യ അദ്ധ്യക്ഷൻ" മറ്റു മേഖലകളിലും ഫലവത്താക്കും - ഉദാഹരണത്തിനു, ജോലിയിലും വീട്ടിലും. [2]മാർവിൻ ഫില്ലിപ്സ്, "നിങ്ങൾ 'ആളുകളുടെ കാര്യത്തിൽ,' ആണെന്നു ഓർമ്മിക്കുക," "*ദ ചലെഞ്ചർ*," 7വേ ആന്റ് പോപ്ലർ ചർച്ച് ഓഫ് ക്രൈസ്റ്റ്, മുറേ, കെവൈ. (16 ഫെബ്രുവരി 1983.) [3]ലൂ സാറെറ്റ് ആന്റ് വില്യം ടൂഫന്റ് ഫോസ്റ്റർ, *ബേസിക് പ്രിൻസിപ്പിൾസ് ഓഫ് സ്പീച്ച്*, റെവ. എഡി. (ബോസ്റ്റൺ: ഹൂട്ടൻ മിഫ്ളിൻ കമ്പനി., 1946), 26.

---

"ചിലരെ നേടേണ്ടതിനു, നാം മനസ്സിനെ വശീകരിക്കുന്നവർ ആകേണം" എന്നു, പറഞ്ഞു കേട്ടിട്ടുണ്ട്. "മനസ്സിനെ ആകർഷിക്കുന്ന വിശുദ്ധി" താഴെ കൊടുത്തിരിക്കുന്നതു പോലെ നിർവ്വചിച്ചിരിക്കുന്നു: "*ദൈവത്തിന്റെ വിശുദ്ധ ശാന്തത* മുഖത്തു പ്രതിബിംബിക്കും; *ദൈവത്തിന്റെ വിശുദ്ധ പ്രശാന്തത* ശബ്ദത്തിൽ പ്രദർശിപ്പിക്കുന്നു, *ദൈവത്തിന്റെ വിശുദ്ധ കൃപ* പ്രകടിപ്പിച്ചിരിക്കുന്നത് രീതിയിലാണ്; *ദൈവത്തിന്റെ വിശുദ്ധ സുഗന്ധം* മുഴുവൻ ജീവിതത്തിലും ബഹിർഗമിക്കുന്നു."